സിഡ്കോയുടെ ഭൂമി പതിച്ചു നൽകാൻ നടപടി

12 [2880] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര വ്യവസായ യൂണിറ്റുകളാണ് സിഡ്കോയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചു വരുന്നത്; അവ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ;

(ബി) സിഡ്കോയുടെ വ്യവസായ യൂണിറ്റുകളും പ്രവർത്തിപ്പിക്കുന്നവർക്ക് ആ യൂണിറ്റുകളും സ്ഥിതി ചെയ്യുന്ന ഭൂമി പതിച്ചു കൊടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അപ്രകാരം തീരുമാനം എടുക്കാൻ ഇടയായ സാഹചര്യം എന്തെന്ന് വ്യക്തമാക്കാമോ;

(സി) അപ്രകാരം ആർക്കെങ്കിലും ഭൂമി പതിച്ചുകൊടുത്തിട്ടുണ്ടോ; എങ്കിൽ ആർക്കൊക്കെ എവിടെയൊക്കെ ഭൂമി പതിച്ചുകൊടുത്തുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ 787 വ്യവസായ യൂണിറ്റുകളാണ് സിഡ്കോയുടെ ആഭിമുഖ്യത്തിലുള്ള 17 വ്യവസായ എസ്റ്റേറ്റുകളിലായി പ്രവർത്തിച്ചു വരുന്നത്. അവ പ്രവർത്തിക്കുന്ന സ്ഥലവും എണ്ണവും ഇപ്രകാരമാണ്:

	വ്യവസായ എസ്റ്റേറ്റിന്റെ പേര്	യൂണിറ്റുകളുടെ എണ്ണം
1.	പാപ്പനംകോട്	75
2.	ഉമയനല്ലൂർ	69
3.	കരുനാഗപ്പള്ളി	19
4.	കൊല്ലക്കടവ്	52
5.	ചേർത്തല	21
6.	ചങ്ങനാശ്ശേരി	80
7.	ഏറ്റുമാനൂർ	69
8.	മുടിക്കൽ	18
9.	പള്ളുരുത്തി	9
10.	ഒല്ലൂർ	127
11.	കല്ലേറുംകര	19
12.	വെസ്റ്റ്ഹിൽ	60
13.	കാരക്കാട്	47
14.	ഒലവക്കോട്	34
15.	പാലയാട്	11
16.	മഞ്ചേരി	27
17.	കാസർഗോഡ്	50

(ബി) ഉണ്ട്. വാടകയ്ക്ക് യൂണിറ്റുകൾ നടത്തിവരുന്ന വ്യവസായികളുടെ ആവശ്യാനുസരണം അവർക്ക് ഒ. ആർ. എസ്. (ഔട്ട്റേറ്റ് സെയിൽ) പ്രകാരം ഭൂമിയും ഷെഡ്ഡും പതിച്ചു നൽകുന്നതിനുവേണ്ടി സിഡ്കോയുടെ ബോർഡ് നിശ്ചയിച്ച 300 ശതമാനം വില വർദ്ധനവ് വ്യവസായികൾക്ക് സ്വീകാര്യമല്ലാത്തതിനാൽ വ്യവസായികളുടെ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ ഒരു ഏകാംഗ കമ്മീഷനെ നിയമിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഉത്തരവുകൾ പ്രകാരം ഭൂമിക്കും ഷെഡ്ഡിനും അന്തിമവില നിശ്ചയിച്ച് ഇവ വ്യവസായികൾക്ക് വാടകയ്ക്കു പകരം പട്ടയമായി കൈമാറുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ രണ്ട് സർക്കാർ ഉത്തരവുകളുടെ കോപ്പി അനുബന്ധമായി വയ്ക്കുന്നു. †

(സി) ഉണ്ട്. സിഡ്കോയുടെ കോഴിക്കോട് വെസ്റ്റ്ഹിൽ വ്യവസായ എസ്റ്റേറ്റിൽ 6 വ്യവസായ യൂണിറ്റുകൾക്ക് ഭൂമി പതിച്ചു നൽകിയിട്ടുണ്ട്. അവ താഴെ പറയുന്നവയാണ്:

1. സംഗീത ഇൻഡസ്ട്രിയൽസ്
2. ബെസ്റ്റ് മിറർ ഇൻഡസ്ട്രീസ്
3. കൂംവെൽ റഫ്രിജിറേറേറ്റഴ്സ് കമ്പനി
4. യുറേക്കാ സ്റ്റീൽസ്
5. ലക്ഷ്മി മെറ്റൽ ഇൻഡസ്ട്രീസ്
6. കോമറ്റ് ബാറ്റീസ്.

സിഡ്കോയുടെ വസ്തുവകകൾ

13 [2831] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ സിഡ്കോയുടെ കീഴിലുള്ള വസ്തുവകകളും ഷെഡ്ഡും വിൽക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ബോർഡ് തീരുമാനമെടുത്ത് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് സർക്കാർ നിയോഗിച്ച ഏകാംഗ കമ്മീഷന്റെ റിപ്പോർട്ട് എന്തായിരുന്നു; പ്രസ്തുത റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ വെളിപ്പെടുത്താമോ;

(ഡി) പാട്ടക്കാരനു തന്നെ കൊടുക്കാൻ ഉദ്ദേശിച്ച വിവിധ സ്ഥലങ്ങളുടെ നിലവിലുള്ള മാർക്കറ്റ് വാല്യു എത്രയായിരുന്നു; സിഡ്കോ എന്ത് വിലവച്ചായിരുന്നു വിവിധ പ്രദേശങ്ങളിലെ വസ്തുക്കൾ കൊടുക്കാൻ ഉദ്ദേശിച്ചതെന്ന് വ്യക്തമാക്കാമോ; ഇതു സംബന്ധിച്ചുള്ള സർക്കാർ നടപടികൾ ഏതു ഘട്ടത്തിലിരിക്കുന്നു?

ഉത്തരം

(എ) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ നിയോഗിച്ച ഏകാംഗ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വർഷങ്ങളായി വാടകയ്ക്ക് ഷെഡ്ഡുകളിൽ വ്യവസായം നടത്തിയിരുന്ന വ്യവസായികൾക്ക് സ്ഥലവിലയും മാറും അടച്ച് പട്ടയം വാങ്ങുവാൻ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സിഡ്കോ ബോർഡ് എടുത്ത തീരുമാനങ്ങളിൽ വ്യവസായികൾക്ക് അതൃപ്തി ഉണ്ടായപ്പോഴാണ്, ഏകാംഗ കമ്മീഷനെ ഇക്കാര്യം പരിശോധിക്കുവാൻ നിയോഗിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly